# Conference Chronicle

THE NORTHEAST AMERICAN DIOCESE OF
THE MALANKARA ORTHODOX SYRIAN CHURCH

A Special PULL Out

ISSUE: 4

JULY 16, 2016 Honor's Haven Resort , Ellenville, NY
PRIVATE CIRCULATION ONLY
FAMILY & YOUTH CONFERENCE 2016 DAILY NEWSLETTER


## നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന് സ്വപ്നസാഫല്യം:
# 300 ഏക്കറിൽ സ്വന്തം റിട്രീറ്റ് സെന്റർ

**ജോർജ് തുമ്പയിൽ**

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ചിരകാല അഭിലാഷമായ റിട്രീറ്റ് സെന്റർ പെൻസിൽവേനിയയിൽ ഒരുങ്ങുന്നു. ഡാൽട്ടണിലെ ഫാത്തിമ സെന്ററിൽ വിപുലവും ആധുനിക സജ്ജീകരണങ്ങളോടും കൂടിയ സെന്റർ സ്ഥാപിക്കാനുള്ള നിശ്ചയത്തിന് അംഗീകാരം മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ നൽകിയതായി ഭദ്രാസന മെത്രാപ്പോലീത്ത സക്കറിയ മാർ നിക്കോളോവോസ് അറിയിച്ചു.

ഏറെക്കാലമായി സഭയുടെ വലിയൊരു ആഗ്രഹമായിരുന്നു, സ്വന്തമായി ഒരു റിട്രീറ്റ് സെന്റർ എന്നത്. ഇതിനു വേണ്ടി പലതവണ യോഗങ്ങൾ ചേർന്നു. ഒടുവിൽ, 2013 ജൂണിൽ മേരിലന്റിലെ ബാൾട്ടിമൂറിൽ ചേർന്ന ഭദ്രാസന പൊതുയോഗമാണ് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന് ഒരു റിട്രീറ്റ് സെന്റർ വേണമെന്ന ആവശ്യം ഉയർത്തിയത്. തുടർന്ന്, അനുയോജ്യമായ സ്ഥലം കണ്ടെത്താനും സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാനും ഭദ്രാസന കൗൺസിലിനെ ചുമതലപ്പെടുത്തി. മൂന്നു വർഷക്കാലം ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ എന്നിവിടങ്ങളിൽ സ്ഥലങ്ങൾ അന്വേഷിച്ചു. ഒടുവിൽ അനുയോജ്യമായ ഇടമായി കണ്ടെത്തിയത് പെൻസിൽവേനിയയിലെ ഫാത്തിമ റിന്യൂവൽ സെന്ററായിരുന്നു. മുൻപ് ഇത് പെൻസിൽവേനിയ സ്ക്രാന്റൺ റോമൻ കത്തോലിക്ക രൂപതയുടെ കീഴിലുണ്ടായിരുന്ന സെന്റ് പയസ് ടെൻത് റോമൻ കാതലിക്ക് സെമിനാരിയായിരുന്നു.

2016 മെയിൽ സഫേണിൽ ചേർന്ന ഭദ്രാസന പൊതുയോഗത്തിൽ ഫാത്തിമ റിന്യൂവൽ സെന്റർ വാങ്ങാൻ തീരുമാനിച്ചു. സ്ക്രാന്റൺ ഡൗൺടൗണിൽ നിന്നും മിനിറ്റുകളുടെ ഡ്രൈവ് മാത്രമാണ് പെൻസിൽവേനിയയിലെ ഡാൽറ്റൺ ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്ററിലേക്കുള്ളു. ഔട്ട്ഡോർ മെഡിറ്റേഷന് പറ്റിയ അന്തരീക്ഷമാണ് ഇവിടെയുള്ളത്. 300 ഏക്കർ വിസ്തൃതിയിൽ പരന്നു കിടക്കുന്ന ഇ



വിടെ മനോഹരമായ ഒരു തടാകവും അതിനോടു ചേർന്ന് മൊട്ടക്കുന്നുകളും ഒപ്പം മരങ്ങളും ചെറിയ ചെടികളുടെയുമൊക്കെ ഒരു വലിയ കേദാരമുണ്ട്. ആരുടെയും മനസ്സ് ആകർഷിക്കുന്ന വിധത്തിൽ പ്രകൃതിരമണീയമായ അന്തരീക്ഷമാണ് ഇവിടുത്തേത്.

ചാപ്പൽ, ലൈബ്രറി, കോൺഫറൻസ് മുറികൾ, ക്ലാസ്മുറികൾ, ഓഫീസുകൾ എന്നിവയെല്ലാം റിട്രീറ്റ് സെന്ററിലുണ്ട്. ഇരുനൂറോളം അതിഥികളെ താമസിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള രണ്ട് ഡോർമെറ്ററികൾ, ജിംനേഷ്യം, 800 പേർക്ക് ഇരിപ്പിടമൊരുക്കുന്ന വിശാലമായ ഓഡിറ്റോറിയം എന്നിവയെല്ലാം തന്നെ ഇവിടെയുണ്ട്. ഭദ്രാസനത്തിനു മാത്രമല്ല സഭയ്ക്കാകമാനം തന്നെ അഭിമാനിക്കാവുന്ന നേട്ടമാണ് ഇതെന്ന് സക്കറിയ മാർ നിക്കളോവോസ് മെത്രാപ്പോലീത്ത പറഞ്ഞു.

4.50 മില്യൺ ഡോളറിനാണ് റിട്രീറ്റ് സെന്റർ സഭ സ്വന്തമാക്കുന്നത്. ഇതിൽ ഒരു മില്യൺ പുനർനിർമ്മാണത്തിനു മാത്രമായി കണക്കാക്കുന്നു. ഭദ്രാസനത്തിലുള്ള ഓരോ കുടുംബവും 1500 ഡോളർ എന്ന കുറഞ്ഞ സംഖ്യ നൽകി ഈ പദ്ധതിയോടു സഹകരിക്കണമെന്ന് മെത്രാപ്പോലീത്ത അഭ്യർത്ഥിച്ചു. ഇതു കേവലമൊരു പദ്ധതിയായി കാണരുതെന്നും, ദൈവുമായുള്ള മനുഷ്യന്റെ അകലം കുറയ്ക്കാനുള്ള ഒരു ഇടമായി ഇതിനെ കാണണമെന്നും മാർ നിക്കളോവോസ് പറഞ്ഞു.

രണ്ടു ശതമാനം പ്രതിവർഷം പലിശ നൽകുന്ന വിധത്തിൽ നിക്ഷേപങ്ങളും സെന്ററിനു വേണ്ട തുകയായി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ കുറഞ്ഞത് 5000 ഡോളറെങ്കിലും നൽകണം. കോൺഫറൻസ് റൂമുകൾക്ക് പ്രിയപ്പെട്ടവരുടെ പേരുകൾ നൽകാവുന്ന വിധത്തിൽ സ്പോൺസർഷിപ്പും അനുവദിച്ചിട്ടുണ്ട്. ഇതിനായി 50,000 ഡോളറാണ് വേണ്ടി വരിക. കിടപ്പുമുറികൾക്ക് വേണ്ടി 25,000 ഡോളറായി നിജപ്പെടുത്തിയിരിക്കുന്നു. റിട്രീറ്റ് സെന്ററിലെ ഒരു നിശ്ചിത സ്ഥലത്ത് പ്രിയപ്പെട്ടവരുടെ ഓർമ്മ ചിത്രങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി 10,000 ഡോളർ നൽകാം. എല്ലാ സംഭാവനകളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## ഭദ്രാസന റിട്രീറ്റ് സെന്റർ ഡാൽട്ടൺ കൗണ്ടിയിൽ

**വറുഗീസ് പോത്താനിക്കാട്**



**നോർ**ത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം റിട്രീറ്റ് സെന്റർ നടത്തുന്നതിനായി സ്ഥലം വാങ്ങാനും പെൻസിൽവേനിയയിൽ ഡാൽട്ടൻ കൗണ്ടിയിൽ വാങ്ങിക്കുന്ന കെട്ടിട സമുച്ചയം ഉൾപ്പെട്ട സ്ഥലത്തിന്റെ സമഗ്രമായ വിവരണവും വീഡിയോ അവതരണവും ഫാമിലി കോൺഫറൻസിൽ വച്ചു നടത്തി. ഭദ്രാസനത്തിന് തലമുറകളെ ബന്ധിപ്പിക്കുന്നതിനും വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പരിഗണിച്ചും വിവിധ ആവശ്യങ്ങൾക്കുതകുന്ന ഒരു സെന്ററിന്റെ ആവശ്യം ഊന്നി പറഞ്ഞു കൊണ്ട് ഫാ. ഗ്രിഗറി വർഗീസ് സംസാരിച്ചു. ഭദ്രാസനത്തിൽ 90 ശതമാനം പള്ളികൾക്കും സ്വന്തമായി പള്ളികെട്ടിടങ്ങൾ ഉണ്ടായിയെന്നും ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ കാലികമായി വളർന്നു കൊണ്ടിരിക്കുകയാണെന്നും വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്ക് ഈ റിട്രീറ്റ് സെന്റർ അനിവാര്യമാണെന്നു അച്ചൻ പറഞ്ഞു.

പ്രൊജക്ടിന്റെ സാമ്പത്തിക ബാദ്ധ്യതകളും സാധ്യതകളും വ്യക്തമായ കണക്കുകൾ ഉദ്ധരിച്ചു കൊണ്ട് മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത അവതരിപ്പിച്ചു. റിട്രീറ്റ് സെന്ററും അതിന്റെ പ്രവർത്തനങ്ങളും മലങ്കര സഭയ്ക്ക് തന്നെയും മാതൃകയാക്കത്തക്ക രീതിയിൽ വളരുമെന്ന് തിരുമേനി പ്രസ്താവിച്ചു.

# Holy Transfiguration Retreat Center

**Fr. GREGORY VARGHESE**

By now most of us have already heard the kalpanas read in your parishes that our diocesan assembly has overwhelmingly approved to move forward with the negotiation and purchase of a property located in Dalton, PA.

By the grace of God, and through the leadership of: our Metropolitan, the Diocesan Council, and the clergy and the faithful of our diocese, we have together, taken the courageous step to move forward in the next phase of development of our diocese.

I have used the word courageous to describe this decision because that's exactly what it takes to make such a decision. Courage.

I know that we have tendency to be doubtful when it comes to large projects. When we think about our church and our people buying a 300 acre property, with meeting rooms and halls and all the facilities, It's scary. we may think, are we capable of such a large undertaking? Do we have the means and the ability to buy and maintain such a property?

Dear brothers and sisters, let us not be afraid. We can be confident and unafraid if we take the time to reflect on the progress and growth of our diocese thus far.

One of the most difficult challenges has already been overcome by leaps and bounds. Every year, new people come forward to take up the yolk of ministry, to join large number of young people who have given their lives to the serve the Church. Let us not be confused. The Malankara Orthodox Church in America is here to stay.

The foundation of our diocese are the parishes - Just look at our parishes: 90% of our parishes have secured a Church building of their own. Not only do we have our own buildings, but they are full and teeming with life. This is great reminder that we must build and plan for the future.

Our ministries are booming. It's hard to think how we can still attract hundreds of people to this family and youth conference year after year when we think about the number of other programs that take place on parish and area levels.

The MGOCSM through Hadootho and the GROW ministries already conduct sleep away camps that attract hundreds of our Young people. Many parishes also conduct their own camps and conferences. We throw large sums of money away to other facilities every year, making others rich, when we can develop our own facility that our children can grow up in and call home.

Today I was talking to Thirumeni and I was commenting to him that while I was running around after my son, I was thinking that just a few years ago, I was in his shoes, as a young child, running around and enjoying the family conference. And thirumeni made a very strong observation, we are now seeing three and four generations of our people together in one place.

The Malankara Orthodox Church in America is here to stay.

We need a place, a center for our Diocese that we can grow into, not grow out of. As one of the forefathers of this great country once said: "By failing to prepare, you are preparing to fail." We already missed out on great opportunities when our people first landed in this country let us not make that same mistake.

There is an inherent risk when we take on a large scale project like a conference and retreat center, but as a Diocese we should move forward with this plan based on the fact that our diocese is growing in strength and might and we need a long term vision for the next 20, 50 or 100 years.

At this time, I want to invoke the name of our beloved father in Christ, HG Mathews Mar Barnabas. When Thirumani left us, he worked with so many people, including some of you in this room, Thirumeni left us with a diocese well off in both spiritual and material assets.

It's our responsibility to take the treasures that God has handed down to us through his servant Mar Barnabas, and multiply them, for the sake of future generations. You will hear more about this project from the Diocesan Leadership, especially about the finances and logistics. But I just want to note that we have more than 3,000 of our families living in the Northeast American Diocese. I know that such a project can easily by completed with the collective will and spirit of the families in our Diocese.

I want to thank Nicholovos thirumeni for this opportunity, and I offer my support and prayers for any project that will bolster and increase the presence of the Malankara Orthodox Church in America.

*(The speech at the Family Conference Venue)*





# HOLY TRANSFIGURATION Retreat Center

## THE NORTHEAST AMERICAN DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

HOLY TRANSFIGURATION RETREAT CENTER
Northeast American Diocese of the
Malankara Orthodox Syrian Church
1000 Seminary Road
Dalton, PA 18414

**WHY GIVE TO HOLY TRANSFIGURATION?**

Holy Transfiguration Retreat Center is a home for the clergy and faithful of our Diocese and all guests providing them the opportunity to grow closer to God and each other. More than ever before, we are in need of a space where all people, young and old, can take refuge, engage with creation, experience God's presence, and grow in fellowship with one another away from pressures and daily distractions of the world.

# A Beautiful Tree

### Holy Transfiguration Retreat Center Blossoms
















## The Lord Plants the Seed

We invite you to become a partner in this ministry with us by offering a gift to the center. Please join us in making this dream a reality and help to sustain the Holy Transfiguration Retreat Center. Want to know how you can support this new initiative of our Diocese?

PLEASE VISIT: WWW.TRANSFIGURATIONRETREAT.ORG OR EMAIL US AT: Transfiguration@neamericandiocese.org

Printed and published for the 2016 Family and Youth Conference, a ministry of the Northeast American Diocese under the spiritual leadership of HG Zachariah Mar Nicholovos Metropolitan. Conference Coordinator: Rev Fr Vijay Thomas. General Secretary: Dr Jolly Thomas. Treasurer: Jeemon Varghese. **Conference Chronicle** Contributing Editors: Rev Fr Paulose T Peter, Rev Fr Dr Varghese Daniel, Rev Fr Shibu Daniel, Varghese Pothanicad, Philipose Philip, Mathew Samuel, Lincy Thomas. Photography: Ajith Varghese, Bipin Mathew, Saji K Pothen. Technical Assistance: Annie Libu, Asha George. Chief Editor: George Thumpayil (973)943-6164. thumpayil@aol.com